അപ്പർ ഭവാനിയിൽ തമിഴ്നാട് തടയണ കെട്ടിയിട്ടുള്ളത് സംബന്ധിച്ച്

48 [205] ശ്രീ. എ. കെ. മണി :

,, കെ. സി. ജോസഫ് :

,, വി. ഡി. സതീശൻ :

,, എ. സുജനപാൽ :

,, കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപ്പർ ഭവാനിയിൽ കിണ്ണക്കരയ്ക്ക് സമീപം തമിഴ്നാട് തടയണ കെട്ടിയിട്ടുണ്ടോ;

(ബി) ഇവിടെ നിന്നും കടത്തുന്ന വെള്ളം ഉപയോഗിച്ചു തമിഴ്നാട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഈ വെള്ളം കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കുന്നുണ്ടോ;

(ഡി) എത്ര കാലമായി തമിഴ്നാട് ഇപ്രകാരം വെള്ളം ചോർത്തുന്നു എന്ന് പറയാമോ?

ഉത്തരം

(എ) അപ്പർ ഭവാനിയിൽ കിണ്ണക്കരയ്ക്ക് സമീപം തമിഴ്നാട് തടയണ കെട്ടിയതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

ഡാമുകളുടെ സംഭരണശേഷി

49 [206] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഡാമുകളുടെ ജലശേഖരണ ശേഷി എത്ര; നിലവിലുള്ള ജലത്തിന്റെ അളവ് ഡാമുകൾ തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഡാമുകൾ ഇപ്പോൾ മണ്ണാലിപ്പ്, ജനവാസം എന്നിവമൂലം ചെളി കെട്ടി കിടപ്പുണ്ട് എന്നും, ഇതു മൂലം ജലസംഭരണ ശേഷി എത്ര കുറഞ്ഞിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ വന്നശേഷം പ്രസ്തുത ഡാമുകളിലെ ചെളി മാറ്റി ജല സംഭരണ ശേഷി വർദ്ധിപ്പിക്കാൻ എന്ത് നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ ജല സംഭരണികളിൽ ജല സംഭരണ ശേഷി കുറഞ്ഞവയ്ക്കനുബന്ധമായി അപ്പർ ഡാമുകൾ കെട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഡാമുകളുടെ സംഭരണശേഷിയും നിലവിലുള്ള ജലത്തിന്റെ അളവും താഴെ നൽകുന്നു :

	ജലസംഭരണിയുടെ പേര്	ജലസംഭരണ ശേഷി (ദശലക്ഷം ഘന മീറ്റർ)	ഇപ്പോൾ നിലവിലുള്ള ജലത്തിന്റെ അളവ് (ദശലക്ഷം ഘന മീറ്റർ)
1.	കുറ്റ്യാടി	120.00	106.820
2.	പഴശ്ശി	97.500	65.00
3.	മംഗലം	25.340	5.291
4.	പോത്തുണ്ടി	50.914	7.722
5.	മലമ്പുഴ	226.00	21.7436
6.	കാഞ്ഞിരപ്പുഴ	70.8274	47.3499
7.	ശിരുവാണി	25.660	9.728
8.	ചുള്ളിയാർ	13.70	1.090
9.	മീൻകര	11.30	2.048
10.	വാളയാർ	18.40	1.703
11.	മലങ്കര	37	31.4
12.	പീച്ചി	109.8	14.8
13.	വാഴാനി	18.12	16.9
14.	ചിമ്മിനി	179.24	102.10
15.	നെയ്യാർ	106.2	63.233
16.	കല്ലട	524.00	381.880

(ബി) മിക്കവാറും എല്ലാം ഡാമുകളിലും മണ്ണൊലിപ്പുമൂലം ജലസംഭരണ ശേഷി കുറഞ്ഞതായി മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ പീച്ചിക്ക് 29.189 ദശലക്ഷം ഘന മീറ്ററും വാഴാനിക്ക് 16.9 ദശലക്ഷം ഘന മീറ്ററും കുറവു വന്നിട്ടുണ്ട്. മറ്റു ഡാമുകളുടെ സംഭരണ ശേഷിയിലെ കുറവ് തിട്ടപ്പെടുത്തിയിട്ടില്ല. കാഞ്ഞിരപ്പുഴ ഡാമിന് മുകളിൽ ജനവാസം ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഡാമുകളിൽ അടിഞ്ഞുകൂടുന്ന എക്കൽ മണ്ണ്, ചെളി എന്നിവ ചെറിയ തോതിൽ നീക്കം ചെയ്യാറുണ്ട്. ചെളി നീക്കം ചെയ്യാനും അത് എന്തിന് ഉപയോഗിക്കാം എന്നതിനെപ്പറ്റി മൈനിംഗ് ആന്റ് ജിയോളജി വകുപ്പുമായി പരിശോധനയ്ക്കുവേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. കല്ലട ജലസേചന പദ്ധതിയുടെ ജല സംഭരണിയിൽ അടിഞ്ഞിട്ടുള്ള ചെളിയും എക്കലും മാറ്റാനുള്ള നടപടിയുടെ ലേലത്തിനുള്ള നോട്ടിഫിക്കേഷൻ നടന്നിട്ടുണ്ട്. കല്ലട ജലസംഭരണി വനം വകുപ്പിന്റെ വന്യമൃഗ സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ആവശ്യമാണ് എന്ന് സംസ്ഥാന വനം വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) നെയ്യാർ ജല സംഭരണിയിലും കല്ലട ജലസംഭരണിയുടെ കഴുതുരുട്ടി നദിയിലും അപ്പർ ഡാം കെട്ടുന്നതിനെകുറിച്ചുള്ള പഠനങ്ങൾ നടന്നുവരുന്നു.

തെൻമല ഡാമിന്റെ ചോർച്ച

50 [207] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെൻമല ഡാമിന്റെ ചോർച്ച കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഡാം എന്നാണ് കമ്മീഷൻ ചെയ്തത് എന്നറിയിക്കാമോ;

(സി) കമ്മീഷനിംഗിനു ശേഷം എത്ര തവണ അറ്റകുറ്റപണികളും ഗ്രൗട്ടിംഗും നടത്തിയെന്ന് വിശദമാക്കാമോ;

(ഡി) ചോർച്ച വിദഗ്ദ്ധ സംഘം പരിശോധിച്ചുവോ; എങ്കിൽ വിദഗ്ദ്ധ സംഘത്തിൽ ആരൊക്കെ ആയിരുന്നു അംഗങ്ങൾ എന്ന് വെളിപ്പെടുത്താമോ;

(ഇ) ചോർച്ച എങ്ങനെ സംഭവിച്ചു എന്ന് വ്യക്തമാക്കാമോ;

(എഫ്) ചോർച്ച തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആദ്യ ഘട്ടം 1986-ലും രണ്ടാം ഘട്ടം 1992-ലും കമ്മീഷൻ ചെയ്തു.

(സി) ഗ്രൗട്ടിംഗ് ഒരു തവണ 1991-ൽ നടത്തി. വാർഷിക അറ്റകുറ്റപണികൾ നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly